"ഭരണഭാഷ - മാതൃഭാഷ"

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,
ജില്ലാ ഓഫീസ്, മലപ്പുറം
ഫോൺ : 0483 2954939
ഇ-മെയിൽ: ecostatmlp@gmail.com

നമ്പർ. ഇഎസ്എംഎൽപി/1299/2024-എ1 തീയതി: 03-12-2025

## കാരണംകാണിക്കൽ നോട്ടീസ്

വിഷയം :- ഡിഇഎസ്എം - ജീവനക്കാര്യം - ശ്രീ. അബ്ദുസമദ്. പി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് – അച്ചടക്ക നടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് മുന്നോടിയായി കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്

സൂചന :-

1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 14.01.2019 തീയതിയിലെ ഇഎ (3) 30439/2018/ഡിഇഎസ് നമ്പർ ഉത്തരവ്
2. 30/12/2020-െല നം.83/2020/ധന സർക്കുലർ
3. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 13.01.2021 തീയതിയിലെ ഡിഇഎസ്/3799/2020-ഇഎ(3) നമ്പർ ഉത്തരവ്
4. 24.06.2024 തീയതിയിലെ ഇതേ നമ്പർ ചാർജ്ജ് മെമ്മോ
5. 22.02.2025 തീയതിയിലെ കുറ്റാരോപണ പത്രിക
6. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 31.07.2025 തീയതിയിലെ ഡിഇഎസ്/1649/2024-ഇഎ3 നമ്പർ കത്ത്
7. ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പ് ഗവ.സ്പെഷ്യൽ സെക്രട്ടറിയുടെ 11.11.2025 തീയതിയിലെ ഡി2-52/2024-പ്ലാനിംഗ് നമ്പർ കത്ത്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ ജോലി ചെയ്തുവരവെ താങ്കൾ വിദേശത്ത് മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി 18.01.2019 മുതൽ 2 വർഷത്തേക്ക് സൂചന (1) ഉത്തരവ് പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും സൂചന (3) ഉത്തരവ് പ്രകാരം 18.01.2021 മുതൽ 3 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവാവുകയും ചെയ്തിരുന്നു. എന്നാൽ ശൂന്യവേതനാവധിക്ക് ശേഷം 18.01.2024ന് ജോലിയിൽ പ്രവേശിക്കേണ്ട താങ്കൾ 30.03.2024-ന് ജോലിക്ക് ഹാജരാവുകയും 12.04.2024 വരെ ഏറനാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ ജോലിയിൽ തുടരുകയും ചെയ്തിരുന്നു. പിന്നീട് 15.04.2024

മുതൽ 31.07.2024 വരെയുള്ള ആർജ്ജിതാവധി, അർദ്ധവേതനാവധി, ശൂന്യവേതനാവധി എന്നീ അവധി അപേക്ഷകൾ സമർപ്പിക്കുകയും ആയതിൽ തീരുമാനം എടുക്കുന്നതിന് മുൻപ് താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും, മേലുദ്യോഗസ്ഥന്റെയോ, വകുപ്പിന്റെയോ, സർക്കാരിന്റെയോ മുൻകൂർ അനുമതി ഇല്ലാതെ വിദേശത്ത് പോയതായി താങ്കളുടെ വസതിയിൽ നേരിട്ട് നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. താങ്കളുടെ ലീവ് അപേക്ഷ നിരസിച്ച വിവരം താങ്കളെ രജിസ്ട്രേഡ് തപാൽ മുഖേന ഏറനാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ അറിയിച്ചപ്പോൾ **left india** എന്ന പോസ്റ്റൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിച്ചിരുന്നു.

സൂചന (4) പ്രകാരം കേരള സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ പാർട്ട്-1 അനുബന്ധം XII എ പ്രകാരവും താങ്കൾക്കെതിരായി അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ നിർദേശിച്ചുകൊണ്ട് താങ്കൾ ഓഫീസിൽ സമർപ്പിച്ച വിലാസത്തിൽ 24-06-2024-നും, ഇ-മെയിൽ മുഖേന 22-08-2024-നും ചാർജ്ജ് മെമ്മോ (ESMLP/1299/2024/ഡിഇഎസ്എം; തീയതി: 24.06.2024) അയച്ചു നൽകിയിരുന്നു. എന്നാൽ ചാർജ്ജ് മെമ്മോ മേൽവിലാസക്കാരൻ **"Add. unclaimed"** എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിച്ചിരുന്നു. കൂടാതെ ചാർജ്ജ് മെമ്മോ ഇ-മെയിൽ മുഖേന അയച്ചു നൽകിയതിന് യാതൊരു മറുപടിയും താങ്കൾ ലഭ്യമാക്കുകയുണ്ടായില്ല. സൂചന (6) കത്ത് പ്രകാരം താങ്കൾക്ക് എതിരെയുള്ള ചാർജ്ജ് മെമ്മോ, അനുബന്ധം-4 എന്നിവ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 15-03-2025-ന് പ്രസിദ്ധീകരിക്കുകയും താങ്കൾക്കെതിരായി സ്വീകരിക്കുന്ന അച്ചടക്കനടപടി വിവരങ്ങൾ അനക്സർ എച്ച് 5 നോട്ടീസ് മാതൃഭൂമി, സുപ്രഭാതം എന്നീ പത്രങ്ങളിൽ 28.03.2025 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. എന്നാൽ ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ താങ്കളിൽ നിന്നു മറുപടി ലഭിക്കുകയോ ഈ ഓഫീസുമായി ബന്ധപ്പെടുകയോ ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ല. കൂടാതെ സൂചന (7) പ്രകാരം ശ്രീ. അബ്ദുസമദ്. പി. ശൂന്യവേതനാവധിക്ക് ശേഷം ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ക്രമീകരിക്കുന്നത് പരിഗണിക്കാനാകില്ലെന്നും, അനുവദനീയമായ സമയപരിധിക്ക് ശേഷവും അനധികൃതമായി ശൂന്യവേതനാവധിയിൽ തുടരുന്നതിനാൽ ടിയാനെതിരെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII A ചട്ടം 6 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്ന് ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവീസ് (തരം തിരക്കലും നിയന്ത്രണവും

അപ്പീലും) റൂൾസ്-ലെ റൂൾ 11 (vii) പ്രകാരവും, കെ.എസ്.ആർ ഭാഗം -1 അനുബന്ധം XII –A ചട്ടം 9 പ്രകാരവും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനം എടുത്തിരിക്കുന്നു. ഈ തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽതീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

**DEPUTY DIRECTOR**

ശ്രീ. അബ്ദുസമദ്. പി.,
പാലനാടൻ ഹൌസ്,
ചാത്തല്ലൂർ പി ഒ,
എടവണ്ണ വഴി,
മലപ്പുറം -676541

പകർപ്പ് :
1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.(ആമുഖകത്ത് സഹിതം)
2. ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ ഡിവിഷൻ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. റിസർച്ച് അസിസ്റ്റന്റ് (ജനറൽ)
4. കരുതൽ ഫയൽ

Signed by Suresh P R
Date: 03-12-2025 15:01:41